ഈ പദ്ധതി പ്രകാരം സാമ്പത്തിക സഹായം അനുവദിക്കുന്നത്. കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന പ്രവാസി കേരളീയരുടെ ബന്ധുക്കൾക്ക് മാത്രമാണ് ഈ ധനസഹായം ലഭ്യമാക്കുന്നത് അതിലേക്കായി അവർ അനുബന്ധ രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്.

3. ചെയർമാൻ ഫണ്ട്:

ഈ ഫണ്ടിൽ നിന്നും ഏറെ കഷ്ടപ്പെടുന്ന പ്രവാസികളിൽ അർഹരായവർക്ക് ധനസഹായം അനുവദിക്കാറുണ്ട്. കുറഞ്ഞത് രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത് തിരികെ നാട്ടിൽ വന്ന് സ്ഥിര താമസമാക്കിയവർക്ക് ഈ ആനുകൂല്യത്തിന് അർഹതയുണ്ട്. മരണാനന്തര ധനസഹായമായും ചികിത്സാ ധനസഹായമായുമാണ് തുക അനുവദിക്കുന്നത്. കുടുംബ വാർഷിക വരുമാനം 25000 രൂപയിൽ അധികരിക്കാത്ത അപേക്ഷകർക്ക് പരമാവധി 10,000 രൂപ വരെ ധനസഹായം അനുവദിക്കുന്നുണ്ട്.

(സി) ഇതിലേക്കായി 2009-ലെ കേരള പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതിയിൽ അംഗമായി ചേരേണ്ടതുണ്ട്. കുറഞ്ഞത് 6 മാസക്കാലമായി വിദേശത്ത് ജോലി ചെയ്യുന്ന പ്രവാസികൾക്കും 2 വർഷക്കാലമെങ്കിലും വിദേശത്ത് ജോലി ചെയ്തതിനുശേഷം തിരികെ കേരളത്തിൽ സ്ഥിരതാമസമാക്കിയ മുൻ പ്രവാസികൾക്കും 6 മാസക്കാലമായി കേരളത്തിന് വെളിയിൽ ഇന്ത്യയ്ക്കകത്ത് താമസിക്കുന്ന പ്രവാസി കേരളീയനും ഈ പദ്ധതിയിൽ അംഗമായി ചേരാവുന്നതാണ്. പ്രവാസി ക്ഷേമനിധിയിൽ അംഗമായി ചേരുന്നതിനുള്ള പ്രായപരിധി 18-55 വയസ്സാണ് ഇത്തരത്തിൽ അംഗമായി ചേരുന്ന 60 വയസ്സ് പൂർത്തിയായതും അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവിൽ നിശ്ചിത അംശാദായം അടച്ചിട്ടുള്ളതുമായ പ്രവാസികൾക്ക് പെൻഷൻ/കുടുംബ പെൻഷൻ എന്നിവയ്ക്ക് അർഹതയുണ്ട്. ഇതുസംബന്ധിച്ച മാനദണ്ഡങ്ങളും നടപടിക്രമങ്ങളും 27-2-2009-ലെ എസ്.ആർ.ഒ. 194/2009 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തേയ്ക്ക് വ്യവസായങ്ങൾ കൊണ്ടുവരുന്നതിനായി • സംഗമങ്ങളും ചർച്ചകളും

61(313) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നശേഷം ഇതുവരെ ഏതെല്ലാം മന്ത്രിമാർ സംസ്ഥാനത്തേക്ക് വ്യവസായങ്ങൾ കൊണ്ടുവരുന്നതിനായി സംസ്ഥാനത്തിന് പുറത്തുവച്ച് വ്യവസായികളുടെയും മൂലധന നിക്ഷേപകരുടെയും സംഗമങ്ങളോ അതുപോലുള്ള ചർച്ചകളോ നടത്തിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എവിടെയെല്ലാം വച്ചാണ് ഇത്തരം സംഗമങ്ങളും ചർച്ചകളും നടത്തിയത്; അതിനുവേണ്ടി എന്ത് ചെലവ് വന്നു ;

(സി) പ്രസ്തുത ചർച്ചകളുടേയും സംഗമങ്ങളുടെയും ഫലമായി സംസ്ഥാനത്ത് എത്ര പുതിയ വ്യവസായങ്ങൾ സ്ഥാപിക്കപ്പെട്ടു; അവയിലൂടെയുള്ള നിക്ഷേപം എത്രയാണ് ?

ഉത്തരം

(എ) വ്യവസായ വകുപ്പുമന്ത്രി ഇത്തരത്തിലുള്ള സംഗമങ്ങളും ചർച്ചകളും നടത്തിയിട്ടുണ്ട്.

(ബി) കെ.എസ്.ഐ.ഡി.സി., കിൻഫ്ര എന്നിവയുടെ ആഭിമുഖ്യത്തിലാണ് പ്രസ്തുത സംഗമങ്ങളും ചർച്ചകളും നടത്തിയത്. വിശദവിവരം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്.*

(സി) വിവിധ മേഖലകളിലെ നിക്ഷേപ പദ്ധതികളെപ്പറ്റി നടത്തിയ ചർച്ചകളുടെ തുടർനടപടികൾ നടന്നു വരികയാണ്. അന്തിമ തീരുമാനമായാൽ മാത്രമേ നിക്ഷേപത്തെക്കുറിച്ച് വ്യക്തമായ വിവരം ലഭിക്കുകയുള്ളൂ.

കേന്ദ്ര മന്ത്രിമാരുടെയും കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥരുടെയും സന്ദർശനവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന് ചെലവായ തുക

62(1314) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്രമന്ത്രിമാരുടെയും കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥരുടെയും സന്ദർശനവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന് എത്ര രൂപ ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര മന്ത്രിമാരുടെയും കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥരുടെയും സന്ദർശനവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന് 1,97,63,825 രൂപ ചെലവായിട്ടുണ്ട്.

വ്യാജ സർക്കാർ ഉത്തരവുകൾ

63(1315) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാജ സർക്കാർ ഉത്തരവുകൾ ഇറങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത ഉത്തരവുകൾ സൃഷ്ടിക്കുന്ന പ്രത്യേക സംഘങ്ങൾ സെക്രട്ടേറിയറ്റും ജില്ലാ കളക്ടറേറ്റുകളും കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly